# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**


തീയതി : 14.10.2022

## പ്രസിദ്ധീകരണത്തിന്

## (എല്ലാ എഡിഷനുകളിലേക്കും)

### സംസ്കൃത സർവകലാശാലയിൽ ഫുൾടൈം പിഎച്ച് .ഡി. പ്രവേശനം; അവസാന തീയതി ഒക്ടോബർ 22

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ഫുൾടൈം പിഎച്ച് .ഡി. പ്രോഗ്രാമുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഒക്ടോബർ 22 വരെ ഓൺലൈനായി അപേക്ഷിക്കാം. കൊയിലാണ്ടി പ്രാദേശിക ക്യാമ്പസിൽ നടത്തുന്ന ഉർദു കോഴ്സ് ഒഴികെ മറ്റ കോഴ്സുകളെല്ലാം കാലടിയിലെ മുഖ്യക്യാമ്പസിലായിരിക്കും നടത്തുക. പിഎച്ച് .ഡി. പ്രോഗ്രാമുകൾ, ഒഴിവുകളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു:

സംസ്കൃതം സാഹിത്യം (18), സംസ്കൃതം വേദാന്തം (10), സംസ്കൃതം വ്യാകരണം (8), സംസ്കൃതം ന്യായം(5), സംസ്കൃതം ജനറൽ (8), ഹിന്ദി (16), ഇംഗ്ലീഷ് (15), മലയാളം (9), ഫിലോസഫി (19), സൈക്കോളജി (1), ജ്യോഗ്രഫി (2), ഹിസ്റ്ററി (28), മോഹിനിയാട്ടം (2), സോഷ്യോളജി (2), മ്യൂസിക് (4), സോഷ്യൽ വർക്ക് (2), ഉർദു (3), ട്രാൻസലേഷൻ സ്റ്റഡീസ് (1), സംസ്കൃതം വേദിക് സ്റ്റഡീസ് (1), മാനുസ്ക്രിപ്റ്റോളജി(3), കംപാരറ്റീവ് ലിറ്ററേച്ചർ(4).

**യോഗ്യത**

നിർദിഷ്ട വിഷയത്തിൽ/ബന്ധപ്പെട്ട വിഷയങ്ങളിൽ ബി പ്ലസ് ഗ്രേഡ് / 55% മാർക്കോടെ അംഗീകൃത സർവകലാശാലകളിൽ നിന്നും ബിരുദാനന്തരബിരുദമോ തത്തുല്യ യോഗ്യതയോ നേടിയവർക്ക് അപേക്ഷിക്കാം. എസ് .സി./എസ് .ടി./ഒ.ബി.സി. വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃതമുള്ള അഞ്ച് ശതമാനം മാർക്കിളവ് ലഭിക്കും. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നിർദിഷ്ട രീതിയിൽ എം. ഫിൽ. പൂർത്തിയാക്കിയവർക്കും പിഎച്ച് .ഡി. പ്രോഗ്രാമിന് അപേക്ഷിക്കാവുന്നതാണ്. സെന്റട്രൽ കൗൺസിൽ ഓഫ് ഇന്ത്യൻ മെഡിസിൻ അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നും ആയുർവേദത്തിൽ ബിരുദാനന്തര ബിരുദം നേടിയവർക്കും അപേക്ഷിക്കാം. അതത് പഠന വിഭാഗങ്ങൾ നടത്തുന്ന പ്രവേശന പരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. യു. ജി. സി – ജെ. ആർ. എഫ്, നാഷണൽ ഫെലോഷിപ്പുകൾ ലഭിച്ചവർ, ചുരുങ്ങിയത് അഞ്ച് വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ളതും യു. ജി. സി. അംഗീകൃത ജേർണലുകളിൽ കുറഞ്ഞത് രണ്ട് ഗവേഷണ പ്രബന്ധങ്ങളെങ്കിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ റഗുലർ സർവ്വകലാശാല/കോളേജ് അധ്യാപകർ എന്നിവരെ പിഎച്ച്.ഡി പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് .

**പ്രവേശന പരീക്ഷ നവംബർ 15 ന്**

അതത് പഠന വിഭാഗങ്ങളിലാണ് പ്രവേശന പരീക്ഷ നടക്കുക. കൊയിലാണ്ടി പ്രാദേശിക ക്യാമ്പസിൽ നടത്തുന്ന ഉർദ്ദു പ്രോഗ്രാമിലൊഴികെ ബാക്കി പ്രോഗ്രാമുകളിലെ പ്രവേശന പരീക്ഷകൾ കാലടി മുഖ്യ ക്യാമ്പസിലായിരിക്കും. ഹാൾടിക്കറ്റുകൾ നവംബർ ഏഴിന് സർവ്വകലാശാല വെബ്സൈറ്റുകളിൽ നിന്നും അപേക്ഷകർക്ക് ഡൗൺ ലോഡ് ചെയ്യാം. പ്രവേശന പരീക്ഷയിൽ 50% മാർക്കോ അതിൽ കൂടുതലോ നേടിയവർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. എസ്. സി./എസ് .ടി./ഒ. ബി. സി. /ഭിന്നശേഷി വിഭാഗങ്ങൾക്ക് അഞ്ച് ശതമാനം മാർക്കിളവുണ്ടായിരിക്കും. പൊതുപ്രവേശന പരീക്ഷയിൽ വിജയിച്ചവർ, യു. ജി. സി., ജെ. ആർ. എഫ്. നേടിയവർ, നിർദ്ദിഷ്ട യോഗ്യത നേടിയ കോളേജ് /സർവ്വകലാശാല അധ്യാപകർ എന്നിവർ നവംബർ 23 ന് മുമ്പായി റിസർച്ച് പ്രപ്പോസൽ അതത് വകുപ്പ് തലവന്മാർക്ക് സമർപ്പിക്കേണ്ടതാണ്.

ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 22. www.ssus.ac.in, www.ssusonline.org എന്നീ വെബ്സൈറ്റുകളിലൂടെയാണ് ഓൺലൈനായി അപേക്ഷിക്കേണ്ടത്. അപേക്ഷയുടെ പ്രിന്റ് കോപ്പി അതത് പഠന വകുപ്പ് മേധാവിക്ക് ലഭിക്കേണ്ട അവസാന തീയതി ഒക്ടോബർ 27 ഓരോ വിഷയത്തിലും തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റ് പ്രകാരമായിരിക്കും പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in, www.ssusonlne.org സന്ദർ ശിക്കുക. ഡിസംബർ 15 ന് ക്ലാസ്സുകൾ ആരംഭിക്കുമെന്ന് സർവ്വകലാശാല അറിയിച്ചു.

**ജലീഷ് പീറ്റർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോൺ നം. 9447123075**